**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3860** **15-07-2022 - ൽ മറുപടിയ്ക്ക്**

**കുന്നംകുളം താലൂക്ക് ആശുപത്രിയുടെ പുതിയ കെട്ടിട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ. സി. മൊയ്തീൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി കുന്നംകുളം താലൂക്ക് ആശുപത്രിയുടെ പുതിയ കെട്ടിട നിർമ്മാണത്തിന് അനുമതി ലഭ്യമാക്കിയിട്ടുണ്ടോ; | (എ) | കുന്നംകുളം താലൂക്കാശുപത്രി കെട്ടിട നിർമ്മാണത്തിനായി 18.02.2020 തീയതിയിലെ സ.ഉ (സാധാ) നം. 338/2020/ആകുവ പ്രകാരം 97.11 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.<br><br>പ്രസ്തുത പദ്ധതിക്കുള്ള ഡി.പി.ആർ തയ്യാറാക്കി കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. പുതിയ ആശുപത്രി സമുച്ചയം നിർമ്മിക്കുന്ന തിനായി നിലവിലുള്ള പഴയ കെട്ടിടം പൊളിച്ചുമാറ്റുന്നതിന് അനുമതി നൽകിയിട്ടുണ്ട്. പദ്ധതി പ്രദേശത്തെ മരങ്ങൾ മുറിച്ചുമാറ്റുന്നതിനുള്ള അനുമതിയും വനം വകുപ്പിൽ നിന്നും ലഭ്യമായിട്ടുണ്ട്. കിഫ്ബിയുടെ സാമ്പത്തികാനുമതി ലഭിക്കുന്ന മുറയ്ക്ക് പദ്ധതിയുടെ നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നതാണ്. |
| (ബി) | കിഫ്ബി പദ്ധതി നടപ്പിലാക്കുന്നതിന് ഉണ്ടാകുന്ന കാലതാമസം ഒഴിവാക്കി പ്രവൃത്തി ആരംഭിക്കുന്നതിന് എന്തെല്ലാം നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കാമോ? | (ബി) | കുന്നംകുളം താലൂക്കാശുപത്രി കെട്ടിട നിർമ്മാണത്തിനായി 18.02.2020 തീയതിയിലെ സ.ഉ (സാധാ) നം. 338/2020/ആകുവ പ്രകാരം 97.11 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.<br><br>പ്രസ്തുത പദ്ധതിക്കുള്ള ഡി.പി.ആർ തയ്യാറാക്കി കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. പുതിയ ആശുപത്രി സമുച്ചയം നിർമ്മിക്കുന്നതിനായി നിലവിലുള്ള പഴയ കെട്ടിടം പൊളിച്ചുമാറ്റുന്നതിന് അനുമതി നൽകിയിട്ടുണ്ട്. പദ്ധതി പ്രദേശത്തെ മരങ്ങൾ മുറിച്ചുമാറ്റുന്നതിനുള്ള അനുമ തിയും വനം വകുപ്പിൽ നിന്നും ലഭ്യമായിട്ടുണ്ട്. കിഫ്ബിയുടെ സാമ്പത്തികാനുമതി ലഭിക്കുന്ന മുറയ്ക്ക് പദ്ധതിയുടെ നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ